പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **7236** 16/07/2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## വില്ലേജ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണവും അടിസ്ഥാന സൗകര്യ വികസനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രമേശ് ചെന്നിത്തല: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിലെ രേഖകളും, റെക്കോർഡുകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി പ്രത്യേക കർമ്മപദ്ധതിയ്ക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ; | (എ) ReLIS Kerala Version 2.0 എന്ന ഓൺ ലൈൻ പോക്കുവരവ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കുഞ്ചേരി സബ് രജിസ്ട്രാർ കാര്യാല യങ്ങളുടെ പരിധിയിലുള്ള റീസർവ്വേ കഴിഞ്ഞ 17 വില്ലേജുകളിലെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ReLIS ന്റെ വ്യാപനത്തിന്റെ ഭാഗമായി ഘട്ടം ഘട്ട മായി റീസർവ്വെ പൂർത്തിയാക്കിയ എല്ലാ വില്ലേജുകളിലെയും ഭൂരേഖകൾ ഡിജി റ്റൈസ് ചെയ്യുന്നതാണ്. |
| (ബി) വില്ലേജ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം ത്വരിതപ്പെടുത്തു ന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി കൾ വിശദമാക്കാമോ ; | (ബി) വില്ലേജ് ഓഫീസിൽ നിന്നും നൽകി വരുന്ന സർട്ടിഫിക്കറ്റുകളുടെ സേവനം ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി കണ്ണൂർ, പാല ക്കാട്, എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടു ള്ളതും പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നിനുള്ള നടപടികൾ നടന്നു വരുന്നതുമാണ്. ഭൂമി സംബന്ധമായ രേഖകളുടെ കമ്പ്യൂട്ടർവൽ ക്കരണം കേന്ദ്രാവിഷ്കൃത പദ്ധതിയായ NLRMP യിൽ പെടുത്തി സംസ്ഥാനത്തെ 9 ജില്ലകളിലെ റീസർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ആദ്യപടിയായി നടന്നു വരുന്നു. |

(സി) വില്ലേജ് ഓഫീസുകളിലൂടെയുള്ള സേവനങ്ങൾ ഓൺലൈൻ മാർഗ്ഗത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന 23 സർട്ടിഫിക്കറ്റുകളും ഡിജിറ്റൽ ഒപ്പോടുകൂടി അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സാഹചര്യം പാലക്കാട്, കണ്ണൂർ ജില്ലകളിൽ നിലവിൽ വന്നു കഴിഞ്ഞു. ഇ-ഡിസ്ട്രിക്ട് പദ്ധതി മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതോടു കൂടി ഏതൊരു പൗരനും അക്ഷയ കേന്ദ്രങ്ങളിൽ നിന്നും വില്ലേജ് ഓഫീസറുടെ ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ വാങ്ങാൻ കഴിയും.

(ഡി) വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന-ഭൗതിക-പശ്ചാത്തലസൗകര്യങ്ങളുടെ പരിമിതികളും പോരായ്മകളും പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ട വില്ലേജാഫീസുകളുടെ വിവരം ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി വില്ലേജുകളിൽ ചോർച്ച തടയുന്നതിനും, ടോയ്‌ലറ്റ് നിർമ്മാണത്തിനും, വൈദ്യുതീകരണത്തിനുമുള്ള പ്രവൃത്തികൾ അസറ്റ് മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) വില്ലേജ് ഓഫീസർമാരുടെ ഒഴിവുകൾ അടിയന്തിര പ്രധാന്യത്തോടെ നികത്തുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

(ഇ) സീനിയോരിറ്റി പ്രകാരം എച്ച്.സി/ആർ.ഐ/വി.ഒ. മാരെ പ്രൊമോഷൻ നൽകി, വില്ലേജ് ഓഫീസർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ